**പതിമൂന്നാം കേരള നിയമസഭ**
**ഒമ്പതാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1449 14/06/2013-ൽ മറുപടിയ്ക്ക്

**കൃഷി വകുപ്പ് വിവിധ പദ്ധതികൾക്കായി ബഡ്ജറ്റിൽ നീക്കി വച്ച തുക**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. മാത്യു റ്റി. തോമസ്<br>'' ജോസ് തെറ്റയിൽ<br>'' സി. കെ. നാണു<br>ശ്രീമതി ജമീലാ പ്രകാശം | **കെ.പി.മോഹനൻ**<br>(ബഹു. കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പു മന്ത്രി) |
| എ) ഈ സർക്കാർ അധികാരമേറ്റ ശേഷം കൃഷി വകുപ്പ് വിവിധ പദ്ധതികൾക്കായി ബഡ്ജറ്റിൽ നീക്കി വച്ച തുക ചെലവഴിക്കപ്പെടാതെ പോയതിന്റെ കാരണങ്ങൾ പരിശോധിച്ചിട്ടുണ്ടോ; | എ) ഉണ്ട്.<br>ഈ സർക്കാർ അധികാരമേറ്റ ശേഷം കർഷകർക്കായുള്ള വെൽഫയർ ബോർഡിന്റെ രൂപീകരണം, കർഷകർക്കായുള്ള വരുമാന ഭദ്രതാ പദ്ധതി എന്നിവയ്ക്കായി നീക്കി വച്ചിരുന്ന തുക 2012-13 വർഷം ചെലവഴിക്കാൻ സാധിക്കാതിരുന്നു. ഈ പദ്ധതികൾക്ക് അന്തിമ രൂപം നൽകി വരുന്നു.<br>2011-12 വർഷത്തിൽ കുട്ടനാട്, ഇടുക്കി. ഇക്കോസിസ്റ്റം ഡവലപ്പ്മെന്റിനായി നീക്കി വച്ച 50 ലക്ഷം രൂപ നാളികേര ഇൻഷ്വറൻസിനായി നീക്കി വച്ച 25 ലക്ഷം രൂപയും പ്രസ്തുത വർഷം ചിലവഴിക്കാൻ കഴിഞ്ഞില്ല. കാരണം പ്രസ്തുത പദ്ധതികൾക്ക് അതാത് വർഷം അന്തിമ രൂപം നൽകാൻ കഴിഞ്ഞില്ല. |
| ബി) പ്രസ്തുത കാലയളവിൽ കാർഷിക മേഖലയിലെ കേന്ദ്രാവിഷ്കൃത പദ്ധതികൾക്ക് എത്ര ശതമാനം ലക്ഷ്യം കൈവരിക്കാൻ കഴിഞ്ഞിട്ടുണ്ട് ; | ബി) ഈ സർക്കാർ അധികാരമേറ്റ ശേഷം കാർഷിക മേഖലയിലെ കേന്ദ്രാവിഷ്കൃത പദ്ധതികൾക്കായി 2011-12 ൽ 73.8% വും 2012-13 ൽ 85.14% വും സാമ്പത്തിക ലക്ഷ്യം കൈവരിക്കാൻ കഴിഞ്ഞിട്ടുണ്ട്. |
| സി) ബഡ്ജറ്റ് വിഹിതത്തിലും കേന്ദ്രാവിഷ്കൃത പദ്ധതികളിലും കഴിഞ്ഞ രണ്ട് സാമ്പത്തിക വർഷങ്ങളിലും ലാപ്സായ തുക എത്രയെന്ന് വെളിപ്പെടുത്താമോ? | സി) 2011-12 സാമ്പത്തിക വർഷത്തിലെ ബഡ്ജറ്റ് വിഹിതത്തിൽ എല്ലാ സംസ്ഥാന പദ്ധതികളിലും കൂടി 49730.14 ലക്ഷം രൂപ ഉണ്ടായിരുന്നതിൽ 4402.44 ലക്ഷം രൂപയും 2012-13 ൽ ആകെ 68683.95 ലക്ഷം രൂപയുണ്ടായിരുന്നതിൽ 4475.78 ലക്ഷം രൂപ ലാപ്സായിട്ടുണ്ട്. കേന്ദ്രാവിഷ്കൃത പദ്ധതിയിൽ 2011-12 ലെ ബഡ്ജറ്റിൽ വകയിരുത്തിയ 2360.5 ലക്ഷം രൂപയിൽ 616.86 ലക്ഷം രൂപയും 2012-13 ൽ വകയിരുത്തിയിരുന്ന 2255 ലക്ഷം രൂപയിൽ 335 ലക്ഷം രൂപയും ലാപ്സായിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**